പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: **456**

06-02-2014 ൽ
മറുപടിയ്ക്ക്

## സുതാര്യകേരളം ജില്ലാ സെല്ലിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബഹനാൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| എ) സുതാര്യകേരളം ജില്ലാ സെല്ലിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ഉണ്ട്. പൊതുജന പരാതി പരിഹാരത്തിനായി നിലവിലുള്ള പരാതി പരിഹാര സംവിധാനം ജില്ലാ തലങ്ങളിലേക്ക് വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആണ് സുതാര്യകേരളം ജില്ലാ സെല്ലുകൾ രൂപീകരിച്ചിട്ടുള്ളത്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | പൊതുജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ പരാതി നേരിട്ട് നൽകാൻ സാധിക്കുകയും അവയ്ക്ക് എത്രയും വേഗം പരിഹാരം ലഭ്യമാക്കുകയുമാണ് ജില്ലാതല സുതാര്യകേരളം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| സി) എല്ലാ ജില്ലകളിലും സെല്ലിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ; | എല്ലാ ജില്ലകളിലും നിലവിൽ സുതാര്യകേരളം സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | 14 ജില്ലകളിലെയും കളക്ടറേറ്റിനോടനുബന്ധിച്ച് ജില്ലാതല സുതാര്യകേരളം സെല്ലിന്റെ ഓഫീസ് കമ്പ്യൂട്ടർ, ഇന്റർനെറ്റ് മുതലായ ആധുനിക സൗകര്യങ്ങളോടെ അരംഭിച്ചിട്ടുണ്ട്. കൂടാതെ ഓരോ സെല്ലിലും കോ-ഓർഡിനേറ്റർ, ടൈപ്പിസ്റ്റ്, മെസഞ്ചർ എന്നിങ്ങനെ 3 ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ